**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 145** **29-01-2024 - ൽ മറുപടിയ്ക്ക്**

**ഹൈറിച്ച് മണി ചെയിൻ തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഹൈറിച്ച് മണി ചെയിൻ തട്ടിപ്പ് കേസിൽ, നിക്ഷേപകരായി അന്യ രാജ്യത്തും അന്യസംസ്ഥാനത്തും ഉള്ളവർ ഉണ്ടെന്ന് ഇതുവരെയുള്ള അന്വേഷണത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അന്തർ സംസ്ഥാന, അന്താരാഷ്ട്ര പണമിടപാട്ടുകൾ ഉള്ളതായി ഇതേവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടുണ്ടോ; | (എ) | തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിൽ ഹൈറിച്ച് ഓൺലൈൻ ഷോപ്പി എന്ന സ്ഥാപനത്തിനെതിരെ ചേർപ്പ് പോലീസ് സ്റ്റേഷൻ ക്രൈം. നമ്പർ. 1070/23 U/s 3,4,5,6 Prize Chits & Money Circulation Schemes (Banning) Act, 1978 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ അന്യസംസ്ഥാനത്ത് നിന്നും നിക്ഷേപകർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യരാജ്യത്ത് ഉള്ളവർ നിക്ഷേപകരായി ഉണ്ടോയെന്നത് സംബന്ധിച്ച് അന്വേഷണം നടന്നു വരുന്നു. അന്തർ സംസ്ഥാന പണമിടപാട്ടുകൾ നടന്നതായി വെളിവായിട്ടുണ്ട്. അന്താരാഷ്ട്ര പണമിടപാട്ടുകൾ നടന്നതായ തെളിവുകൾ ഒന്നും തന്നെ ഇതുവരെയുള്ള അന്വേഷണത്തിൽ ലഭ്യമായിട്ടില്ല. |
| (ബി) | ഇതേവരെയുള്ള അന്വേഷണത്തിൽ, ഈ കേസിൽ ഉൾപ്പെട്ട ഏകദേശം നിക്ഷേപ തുക എത്രയാണ്; | (ബി) | ഈ കേസ്സിന്റെ ഇതുവരെയുള്ള അന്വേഷണത്തിൽ, ഏകദേശം 3141,33,91,800 കോടി ( മൂവായിരത്തി ഒരുന്നൂറ്റി നാൽപത്തി യൊന്ന് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി എണ്ണൂറ്) രൂപ നിക്ഷേപമായി സ്വീകരിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഈ കേസ് 2019-ലെ ബി.യു.ഡി.എസ് ആക്ട് വകുപ്പ് 30 പ്രകാരം സി.ബി.ഐ.ക്ക് കൈമാറാനുള്ള വിവരങ്ങൾ കോംപീറ്റന്റ് അതോറിറ്റി മുമ്പാകെ നിലവിലുണ്ടോ;വിശദമാക്കാമോ? | (സി) | സി.ബി.ഐ-യ്ക്ക് കൈമാറുന്ന കാര്യത്തിൽ നിലവിൽ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ